പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4305 24.10.2016 - ൽ മറുപടിയ്ക്ക്

## 108 ആംബുലൻസ് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിനു കീഴിൽ നിലവിൽ നൽകിവരുന്ന സേവനങ്ങൾ അറിയിക്കുമോ; | (എ) എമർജൻസി മെഡിക്കൽ സർവീസ് പ്രോജക്ടിനു കീഴിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. വാഹനാപകടങ്ങളിൽപ്പെടുന്നവരോ മറ്റേതെങ്കിലും രീതിയിൽ അത്യാഹിതം സംഭവിക്കുന്നതോ ആയ രോഗികൾക്ക് ഉടനടി പ്രഥമ ശുശ്രൂഷ നൽകി ആശുപത്രിയിൽ എത്തിക്കുന്നു. ഈ സേവനം തികച്ചും സൗജന്യമാണ്. സംസ്ഥാനത്ത് 108 എന്ന ടോൾ ഫ്രീ നമ്പറിലാണ് ഈ ആംബുലൻസുകളുടെ സൗജന്യ സേവനം തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നൽകിവരുന്നത്. |
| (ബി) 108 ആംബുലൻസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എണ്ണം ഉപയോഗപ്രദമായവ ആണെന്നും ബാക്കി ഉള്ളവയുടെ അവസ്ഥ എന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) 108 ആംബുലൻസ് സർവ്വീസ് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ഇപ്പോൾ നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ സർവ്വീസിനായുള്ള ഇരുപത്തഞ്ച് വാഹനങ്ങളിൽ 11 വാഹനങ്ങൾ പ്രവർത്തനക്ഷമമാണ് 3 വാഹനങ്ങൾ അറ്റകുറ്റപണികൾക്കായി വർക്ക്ഷോപ്പിലാണ്. 11 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് പൂർത്തീകരിക്കാനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആലപ്പുഴ ജില്ലയിൽ സർവ്വീസിനായുള്ള പതിനെട്ട് വാഹനങ്ങളിൽ 16 വാഹനങ്ങൾ പ്രവർത്തനക്ഷമമാണ് 2 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് പൂർത്തീകരിക്കാനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) പ്രസ്തുത ആംബുലൻസുകളുടെ പരിപാലനവും മെയിന്റനൻസ് ഉൾപ്പെടെയുള്ള മേൽനോട്ടവും ആരുടെ ചുമതലയിലാണെന്നും കഴിഞ്ഞ 5 വർഷക്കാലത്ത് | (സി) 108 ആംബുലൻസുകളുടെ പ്രവർത്തനം ആരംഭിച്ച കാലം മുതൽ 15.07.2015 വരെ പി.പി.പി. മോഡലിലാണ് പരിപാലനവും മെയിന്റനൻസും നടത്തിവന്നിരുന്നത്. ടെണ്ടർ മുഖാന്തിരം തിരഞ്ഞെടുക്കുന്ന ഒരു പ്രൈവറ്റ് ഏജൻസിയെയാണ് |

| | |
|---|---|
| ഇതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ; | ഈ വാഹനങ്ങളുടെ പ്രവർത്തന ചുമതല ഏൽപ്പിച്ചു വന്നിരുന്നത്. അതിനായി ഒരു നിശ്ചിത തുകയാണ് പ്രതിമാസം വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധനം, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി നൽകി വന്നിരുന്നത്. 15.07.2015 മുതൽ പ്രസ്തുത പ്രോജക്ട് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റേയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടേയും സഹകരണത്തോടെയാണ് നടത്തിവരുന്നത്. വാഹനങ്ങളും അതിലെ ജീവനക്കാരും അതാത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. വാഹനങ്ങളുടെ അറ്റകുറ്റപണികൾ ആരോഗ്യ വകുപ്പിന്റെ അതാത് ജില്ലകളിലുള്ള ഫോർമാൻ മെക്കാനിക്കിന്റെയും, സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസറുടെയും മേൽനോട്ടത്തിൽ ഫോഴ്സ് മോട്ടോഴ്സിന്റെ അംഗീകൃത വർക്ക്ഷോപ്പുകളിൽ ചെയ്തുവരുന്നു. 108 ആംബുലൻസിന്റെ പരിപാലനത്തിനും അറ്റകുറ്റ പണികൾക്കുമായി 2012 മുതൽ 22.10.2016 വരെ കോർപ്പറേഷൻ മുഖാന്തിരം **22,64,66,928/-** രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) 108 ആംബുലൻസ് സേവനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) 108 ആംബുലൻസ് സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ